## പതിമൂന്നാം കേരളനിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1830 — 25.03.2013 ന് മറുപടിയ്ക്ക്.

### ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ) വനവുമായി ബന്ധപ്പെട്ട ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | **(എ)** അമൂല്യങ്ങളായ വനങ്ങളുടെ അപൂർവ്വതകൾ ജനങ്ങൾക്ക് അടുത്തറിയാനും, വനാശ്രിത ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് നടപ്പാക്കുന്നതാണ് ഇക്കോ ടൂറിസം പദ്ധതികൾ. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് കേരളത്തിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. താഴെപ്പറയുന്നവയാണ് ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.<br>* വനാസ്വാദനം വഴി വനം കാത്തുസൂക്ഷിക്കുവാനുള്ള അവബോധം സമൂഹമനസ്സിൽ സൃഷ്ടിക്കുക.<br>* സന്ദർശകർ മൂലം ഉണ്ടാകാവുന്ന കെടുതികൾ പരിഹരിച്ച് വനങ്ങളേയും പുഴകളേയും അവയുടെ തനിമയിൽ നിലനിർത്താൻ സഹായിക്കുക.<br>* പ്രകൃതി രമണീയമായ വനമേഖലകളിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ വനവും വനവിഭവങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രധാന വരുമാന മാർഗ്ഗമായി മാറ്റുക.<br>*സന്ദർശകരുടെ സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം സാമൂഹ്യവിരുദ്ധരുടെ അതിക്രമം അവസാനിപ്പിക്കുക.<br>* വനാശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കുക. |
| (ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | **(ബി)** - വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് താഴെപ്പറയുന്ന കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്<br>• വനങ്ങളും സംരക്ഷിതമേഖലകളും പ്രധാന ആകർഷണകേന്ദ്രങ്ങളാക്കി നിലനിർത്തുക.<br>• പാരിസ്ഥിതികാഘാതം ലഘൂകരിക്കുക. |

- തദ്ദേശീയരായ വനാശ്രിതരുടെ ജിവിതനിലവാരം മെച്ചപ്പെടുത്തുക.
- സന്ദർശകർക്ക് പാർക്കിംഗ് അടക്കമുള്ള അത്യാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സന്ദർശകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും അവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യുക.
- സുരക്ഷിതമായ സ്ഥലങ്ങളിൽ നദികളിലും, വെള്ളച്ചാട്ടങ്ങളിലും സന്ദർശകർക്ക് കുളിക്കുവാനും നീന്തുവാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പദ്ധതി പ്രദേശങ്ങളെ മാലിന്യമുക്തമാക്കുക.
- പരിസ്ഥിതി സംരക്ഷണം നടപ്പാക്കുക.

(സി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

(സി) പങ്കാളിത്ത വന പരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവ വഴി വന വികസന ഏജൻസികളുടെ മേൽനോട്ടത്തിലാണ് സംസ്ഥാനത്ത് സംയുക്ത വന പരിപാലനവും ഇക്കോ ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ.